## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3128 — 11.12.2014-ൽ മറുപടിക്ക്

## ഓട്ടോറിക്ഷകളുടെ മീറ്ററുകൾ മുദ്രപതിപ്പിക്കാൻ കാലതാമസം വരുത്തുന്നവർക്ക് പിഴ

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഓട്ടോറിക്ഷകളുടെ മീറ്ററുകൾ മുദ്രപതിപ്പിക്കാൻ കാലതാമസം വരുത്തുന്നവർക്ക് ലീഗൽ മെട്രോളജി വകുപ്പ് 2000 രൂപ പിഴ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ നിർദ്ദേശപ്രകാരമാണോ ഇത്തരത്തിൽ പിഴ ഈടാക്കുന്നത്; | (എ) | ഉണ്ട്. 2009 -ലെ ലീഗൽ മെട്രോളജി ആക്ടിലെ (കേന്ദ്രനിയമം) വ്യവസ്ഥ പ്രകാരമാണ് ഇത്തരത്തിൽ പിഴ ഈടാക്കുന്നത്. |
| (ബി) | മുദ്രപതിപ്പിക്കാത്ത ഓട്ടോറിക്ഷകൾക്ക് 2000 രൂപ പിഴ ഈടാക്കാൻ എന്തെങ്കിലും നിയമഭേദഗതി വരുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | പാവപ്പെട്ട ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് താങ്ങാനാവുന്നതിലും അപ്പുറമുള്ള ഫൈൻ ഒഴിവാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്; ഓട്ടോറിക്ഷാക്കാരിൽ നിന്നും 2000 രൂപ ഫൈൻ വാങ്ങരുത് എന്ന് വകുപ്പുതല ഉദ്യോഗസ്ഥർക്ക് സർക്കാർ രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | സർക്കാർ രേഖാമൂലം നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ 1.4.2014 മുതൽ ഓട്ടോ ഫെയർ മീറ്റർ മുദ്ര പതിപ്പിക്കുന്നതിന് കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് 2000 രൂപ പിഴ ഈടാക്കുന്നതിന് 2014 ഡിസംബർ 31 വരെ സ്റ്റേ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പതിപ്പിക്കാൻ കാലതാമസം വരുന്ന എല്ലാ അളവുതൂക്ക ഉപകരണങ്ങൾക്കും ഇത്തരത്തിൽ ഫൈൻ ഏർപ്പെടുത്തുന്നുണ്ടോ; | (ഡി) | ഉണ്ട് |

| | | | |
|---|---|---|---|
| (ഇ) | കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ഓരോ ജില്ലയിൽനിന്നും ഇത്തരത്തിൽ ഈടാക്കിയ ഫൈൻ എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (ഇ) | തിരുവനന്തപുരം Rs.13,87,000/-<br>കൊല്ലം Rs.6,07,000/-<br>ആലപ്പുഴ Rs.2,88,000/-<br>പത്തനംതിട്ട Rs.1,76,000/-<br>കോട്ടയം Rs.1,36,000/-<br>ഇടുക്കി Rs.44,000/-<br>എറണാകുളം Rs.78,000/-<br>തൃശ്ശൂർ Rs.3,96,000/-<br>പാലക്കാട്Rs.2,32,000/-<br>മലപ്പുറം Rs.9,42,156/-<br>കോഴിക്കോട് Rs.16,64,629/-<br>വയനാട് Rs.1,97,687/-<br>കണ്ണൂർ Rs.6,47,076/-<br>കാസറഗോഡ് Rs.2,80,000/- |
| (എഫ്) | ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എഫ്) | നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ ഒഴിവാക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ